LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക യൂണിവേഴ്സിറ്റികളും സ്വയംഭരണ കോളേജുകളും അനുവദിച്ചതു സംബന്ധിച്ച പഠനം

17 (1091) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യത്യസ്ത പഠന ശാഖകൾക്ക് പ്രത്യേക യൂണിവേഴ്സിറ്റികളും, സ്വയംഭരണ കോളേജുകളും അനുവദിച്ച ശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉണ്ടായ ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പഠനത്തിന്റെ ഫലമെന്താണെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ആ രംഗത്ത് കൂടുതൽ പരിഷ്കാരങ്ങൾ ആവശ്യമുണ്ടെങ്കിൽ അതിനുള്ള പശ്ചാത്തലമൊരുക്കുന്നതിനു മുന്നോടിയായി സമഗ്രമായ പഠനം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ആർട്സ് & സയൻസ് കോളേജുകൾ അനുവദിച്ചത്

18 (1092) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര പുതിയ ആർട്സ് & സയൻസ് കോളേജുകൾ അനുവദിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളുടെ പേരും അനുവദിച്ച കോഴ്സുകളും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജുകളിൽ എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിച്ചുവെന്ന് കോളേജുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എത്ര തസ്തിക കൂടി ഇനി അനുവദിക്കാനുണ്ടെന്നും അവ എന്നത്തേക്ക് അനുവദിക്കുമെന്നും വിശദമാക്കുമോ?